ഹയർ സെക്കൻററി വിദ്യാഭ്യാസ
ഡയറകട്റുടെ കാര്യാലയം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

**ICT Cell/1771/ HSE/2014** **15th December 2014**

# സർക്കുലർ

**വിഷയം : ഹ.സെ.വി.-പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിങ് സ്കീം (PEECS) -വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് -സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

സൂചന : 10/12/2014 -ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ **PEECS** എക്സിക്യുട്ടീവ് കമ്മിറ്റി യോഗത്തിൻെറ മിനിറ്റ്

സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളെ , പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പടെയുള്ള മത്സരപ്പരീക്ഷകൾക്ക് സജ്ജരാക്കുന്നതിനായി 2013-2014 അദ്ധ്യയന വർഷം സംസ്ഥാന സർക്കാർ ആരംഭിച്ച ഒരു നൂതന പദ്ധതിയാണ് പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിങ് സ്കീം( **PEECS).** ഉന്നത വിദ്യാഭ്യാസ വകുപ്പിൻെറ ആഭിമുഖ്യത്തിൽ IT@സ്കൂൾ , വിക്ടേഴ്സ് ചാനൽ , കെൽട്രോൺ എന്നിവയുടെ സാങ്കേതിക സഹായത്തോടെയാണ് ഹയർസെക്കണ്ടറി തലത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഹയർസെക്കണ്ടറി പാഠ്യപദ്ധതിയുടേയും എൻട്രൻസ് പരീക്ഷാ സിലബസിൻേറയും അടിസ്ഥാനത്തിൽ പാഠഭാഗങ്ങൾ നിശ്ചിത മോഡ്യൂളുകളായി വിഭജിച്ച് ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള ക്ലാസ്സുകൾ ഒരു ദിവസം ഒരു വിഷയം എന്ന രീതിയിൽ ശനി , ഞായർ ദിവസങ്ങളിലായി ക്രമീകരിച്ചാണ് പരിശീലന ക്ലാസ്സുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ സൗകര്യപ്രദമായി വീക്ഷിക്കുവാനും , വിഷയവുമായി ബന്ധപ്പെട്ട ഓൺലൈൻ പരീക്ഷകൾ എഴുതുന്നതിനും അദ്ധ്യാപകരിൽ നിന്നും സംശയ നിവാരണം നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ സംസ്ഥാനത്തെ 140 നിയോജന മണ്ഡലങ്ങളിലെ ഓരോ ഹയർസെക്കണ്ടറി സ്കൂളുകൾ കേന്ദ്രങ്ങളാക്കി IT@സ്കൂൾ സജ്ജീകരിക്കുന്നതാണ്. ഒരു കേന്ദ്രത്തിൽ 40 വിദ്യാർത്ഥികൾക്കുള്ള സാങ്കേതിക സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്. ഈ കേന്ദ്രങ്ങളിലെ സാങ്കേതിക സഹായത്തിന് തിരഞ്ഞെടുത്ത ഐറ്റി.കോർഡിനേറ്റർമാരെ IT@സ്കൂൾ നിയോഗിക്കുന്നതാണ്.

നിലവിൽ മെഡിക്കൽ എഞ്ചിനീയറിങ് അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകളിലും , ഹയർസെക്കണ്ടറി പൊതുപരീക്ഷകളിലും സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉന്നത വിജയം കരസ്ഥമാക്കുന്നതിനായി സയൻസ് ഐശ്ചിക വിഷയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സയൻസ് സ്ട്രീമിൽ പഠിക്കുന്നവർക്ക് അവർ പഠിക്കുന്ന

വിഷയങ്ങൾക്കനുസരിച്ച് എഞ്ചിനീയറിങ്ങിനോ, മെഡിക്കലിനോ , രണ്ടിനുമോ രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ടായിരിക്കും. രജിസ്റ്റർ ചെയ്യുന്ന ആദ്യ 40 വിദ്യാർത്ഥികൾക്ക് മാത്രമേ **PEECS** പരിശീലന കേന്ദ്രങ്ങളിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളു.

താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് രജിസ്ടേഷൻ ചെയ്യുന്നതിനും **PEECS** പരിശീലന ക്ലാസ്സുകളിലും തുടർന്നുള്ള ഇൻററാക്ടീവ് സെഷനുകളിലും പങ്കെടുക്കുന്നതിനും പ്രിൻസിപ്പൽമാർ എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും നൽകേണ്ടതാണ്. മെഡിക്കൽ എഞ്ചിനീയറിങ്ങ് പ്രവേശന പരീക്ഷകൾക്ക് മാത്രമല്ല , ഹയർസെക്കണ്ടറി പൊതുപരീക്ഷകൾ എഴുതുന്നതിനും **PEECS** പരിശീലന ക്ലാസ്സുകൾ സഹായകരമാകുമെന്നതിനാൽ പരമാവധി സയൻസ് വിദ്യാർത്ഥികളെ പദ്ധതിയിൽ പങ്കെടുപ്പിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ശ്രമിക്കേണ്ടതാണ്. പദ്ധതിയുടെ സുഗമവും വിജയകരവുമായ നടത്തിപ്പിന് സ്കൂൾ പ്രിൻസിപ്പൽമാർ താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1) മെഡിക്കൽ എഞ്ചിനീയറിങ്ങ് പ്രവേശന പരീക്ഷകൾക്ക് മാത്രമല്ല , ഹയർസെക്കണ്ടറി പൊതുപരീക്ഷകൾ എഴുതുന്നതിനും **PEECS** പരിശീലന ക്ലാസ്സുകൾ ഉപയോഗപ്രദമാണെന്ന സന്ദേശം എല്ലാ സയൻസ് വിദ്യാർത്ഥികളിലും എത്തിക്കുക.
2) 2014-15 അധ്യയന വർഷം, രണ്ടാം വർഷ വിദ്യാർത്ഥികളുടെ രജിസ്ടേഷൻ ഡിസംബർ 20 നുള്ളിൽ പൂർത്തീകരിക്കുക.
3) സ്കൂൾ തലത്തിൽ പ്രിൻസിപ്പൽ ചെയർപേഴ്സൺ ആയും നോഡൽ ഓഫീസർ (HITC) കൺവീനറായും ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഗണിതം,ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി(ലഭ്യത അനുസരിച്ച്) വിഷയങ്ങളിലെ ഒരു അധ്യാപകൻ വീതം , പി.റ്റി.എ പ്രസിഡൻറ് /സെക്രട്ടറി, പി.റ്റി.എ എക്സികുട്ടീവ് കമ്മിറ്റിയിലെ രണ്ട് രക്ഷ്കർത്തൃ പ്രതിനിധികൾ എന്നിവരായിരിക്കണം മോണിറ്ററിങ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ.
4) പരിശീലന കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളുടെ സംശയ നിവാരണത്തിനും ഇൻററാക്ടീവ് സെഷൻ കൈകാര്യം ചെയ്യാനും താത്പര്യമുള്ള ഗണിതം , ഫിസിക്സ് , കെമസ്ട്രി , ബോട്ടണി , സുവോളജി വിഷയ അധ്യാപകരുടെ സർവീസ് വിവരങ്ങൾ അടങ്ങിയ ബയോഡാറ്റയും സമ്മതപത്രവും അതത് പ്രിൻസിപ്പൽമാരുടെ ശുപാർശയൊടൊപ്പം **ജോയിൻറ് ഡയറക്ടർ (അക്കാദമിക്), ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിന് ഡിസംബർ 20 ന് വൈകിട്ട് 5 മണിക്കുള്ളിൽ** ലഭിക്കത്തക്കവിധം തപാലിൽ അയക്കാനുള്ള നടപടികൾ അതത് പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ഇൻററാക്റ്റീവ് സെഷൻ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് നിശ്ചിത പ്രതിഫലം നൽകുന്നതാണ്.
5) **PEECS** പരിശീലന കേന്ദ്രങ്ങളിലെ സാങ്കേതിക സഹായത്തിന് തിരഞ്ഞെടുത്ത ഐറ്റി.കോർഡിനേറ്റർമാർ ബന്ധപ്പെടുമ്പോൾ പദ്ധതിയുടെ സർവതോന്മുഖ വിജയത്തിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ ചെയ്യുക.

**പരിശീലന പദ്ധതിയുടെ വിശദനിർദ്ദേശങ്ങൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്**

ഒപ്പ്

**ഡയറക്ടർ**